വിജയശ്രീ

## വിജയകരമായി ഡൽഹിയിലെ കുടുംബശ്രീ ഇന്ത്യ ഫുഡ് കോർട്ട്, വിറ്റുവരവ് ഒരു കോടി!

ഡൽഹിയിലെ ഇന്ത്യാ ഗേറ്റിന് സമീപം കുടുംബശ്രീയുടെ സംഘാടനത്തിൽ നടത്തിയ' ഇന്ത്യ ഓൺ യുവർ പ്ലേറ്റ്' ഇന്ത്യ ഫുഡ് കോർട്ട് മികച്ച വിജയം നേടിയ സന്തോഷം ഞാൻ പങ്കുവയ്ക്കുന്നു. ഒക്ടോബർ പത്തു മുതൽ 23 വരെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സംഘടിപ്പിച്ച സരസ് ആജീവിക മേളയുടെ ഭാഗമായായിരുന്നു ഇന്ത്യയിലെ എല്ലാ രുചികളും ഒരു കുടക്കീഴിൽ എത്തിച്ച ഈ ഫുഡ്കോർട്ട് സംഘടിപ്പിച്ചത്. 14 ദിവസം കൊണ്ട് ഫുഡ്കോർട്ടിൽ നിന്ന് 25 സംരംഭകർ നേടിയ വിറ്റുവരവ് 1,00,97,620 രൂപയാണ്.

ഇന്ത്യയിലെ വിവിധ രുചികൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക, ഗ്രാമീണ മേഖലയിലെ ആദ്യ തലമുറയിലെ തിരഞ്ഞെടുത്ത സംരംഭകർക്കു പരിശീലനം നൽകി ഇവരിലൂടെ അടുത്ത തലമുറ സംരംഭകരെ വാർത്തെടുക്കുക, സംരംഭകർക്ക് വരുമാനവും വലിയ മേളകളിൽ പങ്കെടുക്കാനുള്ള അനുഭവജ്ഞാനവും ആത്മവിശ്വാസവും നൽകുക എന്നിങ്ങനെ ഒട്ടേറെ ലക്ഷ്യങ്ങളുമായാണ് ഇന്ത്യ ഫുഡ് കോർട്ടിന് ഞങ്ങൾ നേതൃത്വം നൽകിയത്. എല്ലാ ലക്ഷ്യങ്ങളും ഒരു പരിധിവരെ പൂർത്തിയാക്കാൻ സാധിച്ചതായി അഭിമാനത്തോടെ നിങ്ങളെ അറിയിക്കുന്നു. എല്ലാ സംരംഭകർക്കും അഭിനന്ദനങ്ങൾ.

മികച്ച രീതിയിൽ ഫുഡ് കോർട്ട് നടത്താൻ സഹായമേകിയതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രത്യേക അനുമോദനവും അംഗീകാരവും കുടുംബശ്രീക്കു ലഭിച്ചു. ഫുഡ് കോർട്ടിലെ ഏറ്റവും മികച്ച സ്റ്റാളിനുള്ള ബഹുമതി കേരളത്തിനു ലഭിച്ചപ്പോൾ ഗോവയും ബിഹാറും രണ്ടും മൂന്നും സ്ഥാനങ്ങൾ സ്വന്തമാക്കി. സാമൂഹിക, സാമ്പത്തിക ശാക്തീകരണത്തിനായുള്ള ശ്രമങ്ങൾ നടത്തിയതിന് ഫുഡ് കോർട്ടിൽ പങ്കെടുത്ത അട്ടപ്പാടിയിൽനിന്നും ട്രാൻസ്ജെൻഡർ വിഭാഗത്തിൽനിന്നുമുള്ള കുടുംബശ്രീ യൂണിറ്റുകൾക്കും പ്രത്യേക അവാർഡുകൾ ലഭിച്ചു. ഇതു കൂടാതെ ഇന്ത്യയുടെ വിവിധ ഇടങ്ങളിലെ രുചികളെപ്പറ്റിയുള്ള പാചക കുറിപ്പുകളടങ്ങിയ ഒരു പുസ്തകവും പാചകമേഖലയിൽ പ്രവർത്തിക്കുന്ന വനിതകളെക്കുറിച്ചുള്ള മറ്റൊരു പുസ്തകവും ഞങ്ങൾ ഇന്ത്യ ഓൺ യുവർ പ്ലേറ്റ് ഫുഡ് കോർട്ടിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുകയും ചെയ്തു




**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ


## കുടുംബശ്രീയിലൂടെ ലഭിക്കും സാമ്പത്തിക സഹായം– 2

കേരള സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷനായ കുടുംബശ്രീ സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമാർജനമെന്ന ലക്ഷ്യം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്ന കുടുംബശ്രീ മുഖേന അയൽക്കൂട്ട വനിതകൾക്ക് സംരംഭങ്ങൾ ആരംഭിക്കാനും കൃഷി നടത്തുന്നതിനുമുൾപ്പെടെ ഒട്ടേറെ ധനസഹായങ്ങൾ നൽകിവരുന്നു. അതേക്കുറിച്ച് ഇവിടെ വായിക്കാം....

പുതുതായി സംരംഭങ്ങൾ ആരംഭിക്കുന്നവരെ ഉദ്ദേശിച്ചുള്ള ധനസഹായത്തെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ വായിച്ചു തുടങ്ങിയിരുന്നല്ലോ. ഇതിനായി നൽകുന്ന ധനസഹായങ്ങളെക്കുറിച്ച് തുടർന്നും വായിക്കാം.



2. റിവോൾവിങ് ഫണ്ട്

നിലവിലുള്ള വ്യക്തിഗത അല്ലെങ്കിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് അല്ലെങ്കിൽ സംരംഭ കൂട്ടായ്മകൾക്ക് പ്രവർത്തനം ആരംഭിച്ച് ആറു മാസം പിന്നിട്ടു കഴിയുമ്പോൾ അധിക പ്രവർത്തന മൂലധനത്തിനായി നൽകുന്ന ധനസഹായമാണ് റിവോൾവിങ് ഫണ്ട്. ആറു മാസം പ്രവർത്തനം പൂർത്തിയാക്കിയ സംരംഭങ്ങൾക്ക് ആവശ്യകത പരിശോധിച്ച് നൽകുന്ന ധനസഹായമാണിത്. അതിനാൽ തന്നെ പ്രോജക്ട് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയായിരിക്കും ധനസഹായത്തിന്റെ ആവശ്യകത നിർണയിക്കുന്നത്. വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി 10,000 രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 40,000 രൂപയുമാണ് റിവോൾവിങ് ഫണ്ടായി നൽകുന്നത്. സിഡിഎസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി പ്രകാരമോ യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച വ്യക്തിഗത അല്ലെങ്കിൽ ഗ്രൂപ്പ് സംരംഭങ്ങൾ, പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ,ലിങ്കേജ് വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും റിവോൾവിങ് ഫണ്ട് ഇതുവരെ ലഭിക്കാത്തതുമായ, എല്ലാവരും കുടുംബശ്രീ അംഗങ്ങളായിട്ടുള്ള സംരംഭങ്ങൾ എന്നിവയ്ക്കാണ് റിവോൾവിങ് ഫണ്ട് ലഭിക്കാൻ അർഹതയുള്ളത്.

പ്രവർത്തനം ആരംഭിച്ച് ആറു മാസക്കാലമായിരിക്കണം. റിവോൾവിങ് ഫണ്ട് നൽകുന്ന സമയത്ത് നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമേ ഫണ്ട് നൽകൂ, ഒരു സംരംഭത്തിന് ഒരു തവണ മാത്രമേ റിവോൾവിങ് ഫണ്ട് ലഭിക്കൂ എന്നിങ്ങനെയുള്ള നിബന്ധനകൾ ബാധകമാണ്.

## ഫാർമസി അസിസ്റ്റന്റ്

കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും കേരള സർക്കാരിനു വേണ്ടി കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന നൈപുണ്യ പരിശീലന പരിപാടിയാണ് ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ). ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്ക് പദ്ധതി വഴി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്കു തൊഴിൽ നേടാനുള്ള അവസരവുമൊരുക്കുന്നു. കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 126 ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും.

18 വയസ്സു മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവജനങ്ങൾക്ക് പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു. ഹെൽത്ത്കെയർ മേഖലയിൽ ഫാർമസി അസിസ്റ്റന്റ് എന്ന കോഴ്സിലേക്കും പരിശീലനം നേടാൻ അവസരമുണ്ട്.

കോൾ സെന്റർ നമ്പർ- 04842959595

### കുടുംബശ്രീ ഇൻഫൊ

## ന്യുട്രീഷ്യൻ ഗാർഡൻ മൊബൈൽ യൂണിറ്റിന് തുടക്കം

അട്ടപ്പാടിയിലെ ആദിവാസി ഊരുകളിലെ സമൂഹ അടുക്കളയിലേക്ക് പോഷകസമൃദ്ധമായ ജൈവ പച്ചക്കറിയും പഴങ്ങളും എത്തിക്കുന്നതിനുള്ള മൊബൈൽ ന്യൂട്രീഷ്യൻ ഗാർഡൻ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. കുടുംബശ്രീ മുഖേന അട്ടപ്പാടിയിൽ നടപ്പാക്കുന്ന ആദിവാസി സമഗ്ര വികസന പദ്ധതി പ്രകാരം കാർഷിക മേഖലയിൽ പ്രാവർത്തികമാക്കുന്ന മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എംകെഎസ്പി) വഴി കൃഷി നടത്തുന്ന ഊരുകളിൽ പത്തെണ്ണത്തിൽനിന്നുള്ള ഉൽപന്നങ്ങളാണ് ഇങ്ങനെ എത്തിക്കുക.